# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 26.08.2024**

### പ്രധാനവാർത്തകൾ

1). **ഉഭയകക്ഷി വ്യാപാര-സാമ്പത്തിക ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള രണ്ടാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല സമ്മേളനം ഇന്ന്.**

2). **ശ്രീകൃഷ്ണജയന്തി ശോഭായാത്രയ്ക്കൊരുങ്ങി നാടും നഗരവും. സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും മഹത്തായ സന്ദേശത്തെ ഓർമ്മിപ്പിക്കുന്ന സുദിനമെന്ന് ഗവർണർ. മനുഷ്യ മനസ്സുകളിലെ സ്നേഹ വിശ്വാസങ്ങളെ ദൃഢപ്പെടുത്തുന്ന ആഘോഷമെന്ന് മുഖ്യമന്ത്രി.**

3). **വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ സർക്കാർ വിളിച്ച സർവകക്ഷിയോഗം വ്യാഴാഴ്ച.**

4). **ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുഖ്യമന്ത്രി പറഞ്ഞതിൽ കൂടുതലൊന്നും പറയാനില്ലെന്ന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ. നടപടി കൈക്കൊള്ളുന്നതിൽ സർക്കാരിന് ഇരട്ടത്താപ്പെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.**

5). **SAFF U-20 ചാമ്പ്യൻഷിപ്പ് പുരുഷ സെമിയിൽ ഇന്ത്യ അല്പസമയത്തിനകം ബംഗ്ലാദേശിനെ നേരിടും.**

RNUTVPM

## ഇന്ത്യ-സിംഗപ്പൂർ

2-ാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല സമ്മേളനം ഇന്ന് സിംഗപ്പൂരിൽ നടക്കും. ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര-സാമ്പത്തിക ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ചർച്ചയിൽ ഇന്ത്യയിൽ നിന്നും നിർമല സീതാരാമൻ, പിയൂഷ് ഗോയൽ, എസ് ജയ്ശങ്കർ, അശ്വിനി വൈഷ്ണവ് എന്നി മന്ത്രിമാർ പങ്കെടുക്കും. സിംഗപ്പൂർ നേതൃത്വവുമായി നടക്കുന്ന രണ്ടാമത് ഇന്ത്യ-സിംഗപ്പൂർ യോഗത്തിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിൻ്റെ വിവിധ വശങ്ങൾ അവലോകനം ചെയ്യുകയും സഹകരണത്തിൻറെ പുതിയ സാധ്യതകൾ തേടുകയും ചെയ്യും. ഇന്ത്യയിലേക്കുള്ള വിദേശ നിക്ഷേപത്തിൻറെ പ്രധാന സ്രോതസ്സാണ് സിംഗപ്പൂർ. സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയ കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ ഇന്നലെ സിംഗപ്പൂരിൽ വ്യവസായ പ്രമുഖരുമായി ഉഭയകക്ഷി വ്യാപാര, നിക്ഷേപ വിഷയങ്ങൾ ചർച്ച ചെയ്തു. ധനമന്ത്രി നിർമല ശ്രീരാമൻ ഇന്ന് മുൻ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് പ്രസിഡൻറ് ടി. രാജ കുമാറുമായി കൂടിക്കാഴ്ച നടത്തി. വിജയകരമായി കാലാവധി പൂർത്തിയാക്കിയ അദ്ദേഹത്തെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു.

*********************************************************************************************

## രാജ് നാഥ് സിങ്-യു.എസ്

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് യു.എസ് പര്യടനത്തിൻ്റെ അവസാന ദിവസമായ ഇന്നലെ ദേശീയ പൗരാവകാശ മ്യൂസിയം സന്ദർശിച്ചു, ടെന്നസിയിലെ മെംഫിസിൽ ഇന്ത്യൻ സമൂഹവുമായി അദ്ദേഹം സംവദിച്ചു. മെംഫിസ്, അറ്റ്ലാൻ്റ, നാഷ്‌വില്ലെ എന്നിവിടങ്ങളിൽ നിന്നുള്ള ഇന്ത്യൻ

RNU TVPM

പ്രവാസികളുമായി സംവദിക്കവേ, ഇന്ത്യൻ സമൂഹത്തിൻ്റെ നേട്ടങ്ങളെയും സമൂഹത്തിനും ശാസ്ത്രത്തിനും സമ്പദ്‌വ്യവസ്ഥയ്ക്കും അവർ നൽകിയ സംഭാവനകളേയും രാജ്യരക്ഷാ മന്ത്രി പ്രശംസിച്ചു. പതിനേഴാം നൂറ്റാണ്ട് മുതലുള്ള യു.എസിലെ പൗരാവകാശ പ്രസ്ഥാനത്തിൻ്റെ ചരിത്രം രേഖപ്പെടുത്തുന്നതാണ് നാഷണൽ സിവിൽ റൈറ്റ്സ് മ്യൂസിയം. മഹാത്മാ ഗാന്ധിയുടെ അഹിംസയിലൂന്നിയ സമരങ്ങളെ ഓർമിപ്പിച്ചുകൊണ്ട് അദ്ദേഹത്തിൻറെ അർദ്ധകായ പ്രതിമയും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

---

<u>**ശ്രീകൃഷ്ണ ജയന്തി**</u>

ശ്രീകൃഷ്ണജയന്തി ശോഭായാത്രയ്ക്കൊരുങ്ങി നാടും നഗരവും. സംസ്ഥാനമെമ്പാടുമുള്ള ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും ആഘോഷ പരിപാടികളും നടക്കുകയാണ്. ബാലഗോകുലത്തിൻറെ നേതൃത്വത്തിൽ വൈകിട്ട് വിപുലമായ ശോഭായാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. തലസ്ഥാനത്തെ പ്രധാന ശോഭായാത്ര പാളയം ഗണപതിക്ഷേത്രത്തിൽ നിന്ന് വൈകിട്ട് നാലിന് ആരംഭിക്കും. കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കേരള സർവ്വകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ഗോകുലപതാക ഉയർത്തും. തൃശൂരിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ശോഭായാത്രയുടെ ഉദ്ഘാടനം നിർവ്വഹിക്കും. ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ വയനാട്ടിൽ ആഘോഷങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ശോഭായാത്ര ആരംഭിക്കുമ്പോൾ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കും. പുണ്യമീ മണ്ണ് ; പവിത്രമീ ജന്മം' എന്നതാണ് ഇത്തവണത്തെ ശ്രീകൃഷ്ണ ജയന്തി സന്ദേശം.

---

RIIUTVPM

## ഗുരുവായൂർ-ആറന്മുള -(ഇൻട്രോ)

പ്രസിദ്ധമായ ആറന്മുള അഷ്ടമിരോഹിണി വള്ളസദ്യ കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. ക്ഷേത്രത്തിനുള്ളിൽ 60,000 പേർക്കും പുറത്ത് 10,000 പേർക്കുമാണ് സദ്യ ഒരുക്കിയത്. ആരോഗ്യമന്ത്രി വീണാ ജോർജ് വള്ളസദ്യയിൽ മുഖ്യാതിഥിയായി പങ്കെടുത്തു. കണ്ണൻറെ പിറന്നാളായ അഷ്ടമിരോഹിണി ദിനത്തിൽ ഗുരുവായൂരിൽ ക്ഷേത്രത്തിൽ വൻഭക്തജനത്തിരക്ക്. ശ്രീകൃഷ്ണജയന്തിയോടനുബന്ധിച്ച് പുലർച്ചെ മൂന്നുമണിക്ക് നിർമ്മാല്യ ദർശനത്തോടെ ഗുരുവായൂർ ക്ഷേത്രത്തിലെ അഷ്ടമി രോഹിണി ചടങ്ങുകൾക്ക് തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി**
**തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...**
**(വോയിസ്....)**

RIJU TVPM

*************************************************************************************

## ഗവർണർ

ഈ സുദിനം ശ്രീകൃഷ്ണൻ്റെ സ്നേഹത്തിൻ്റെയും അനുകമ്പയുടെയും ധർമ്മത്തിൻ്റെയും മഹത്തായ സന്ദേശത്തെ ഓർമ്മിപ്പിക്കുന്നതായി ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു. കൃഷ്ണൻ്റെയും രാധയുടെയും വേഷം ധരിച്ച് ദിനം ആഘോഷിക്കുന്ന കുട്ടികൾക്ക് അദ്ദേഹം ആശംസകൾ നേർന്നു.

*************************************************************************************

## മുഖ്യമന്ത്രി -ആശംസ

അധർമങ്ങൾക്കെതിരായ പോരാട്ടങ്ങൾക്ക് ശക്തി പകരുന്നതും മനുഷ്യ മനസ്സുകളിലെ സ്നേഹ വിശ്വാസങ്ങളെ ദൃഢപ്പെടുത്തുന്നതുമാവട്ടെ ഈ വർഷത്തെ ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസിച്ചു. ഭക്തജനങ്ങളുടെ മനസിലെ പ്രിയ സങ്കല്പമാണ് ശ്രീകൃഷ്ണനെന്നും

ലീലാ കൃഷ്ണനായി ഓമനിക്കുന്ന ഈ സങ്കല്പം സ്നേഹത്തിൻറെയും വാത്സല്യത്തിൻറെയും പ്രതിരൂപമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

*****************************************************************************************************************************

**കണ്ണൂർ - (ഇൻട്രോ)**

കൂത്തുപറമ്പ് കണ്ണവം തൊടീക്കളം ശിവക്ഷേത്രത്തിലെ ശ്രീ കോവിലിൻറെ വടക്കേ ചുവരിലെ ചിത്രങ്ങൾക്കിടയിൽ പെരിഞ്ചല്ലൂർ ബ്രാഹ്മണ സമ്പ്രദായത്തിൽ ശ്രീകൃഷ്ണൻറെ വേളിയും താലികെട്ടും ചിത്രീകരിച്ച അത്യപൂർവ ചുവർ ചിത്രം തിരിച്ചറിഞ്ഞു. ചുവർ ചിത്ര -താന്ത്രിക ഗവേഷകനായ സുധീഷ് നമ്പൂതിരിയാണ് ഈ ചിത്രം തിരിച്ചറിഞ്ഞത്.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**
**(വോയിസ്.......)**

RNU TVPM

*****************************************************************************************************************************

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

*****************************************************************************************************************************

**വയനാട് - സർവകക്ഷിയോഗം**

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ സർവകക്ഷിയോഗം വിളിച്ചു. വ്യാഴം വൈകിട്ട് 4.30-ന് ഓൺലൈനായാണ് യോഗം. റവന്യൂ, വനം, ജലവിഭവം, വൈദ്യുതി, ഗതാഗതം, രജിസ്ട്രേഷൻ, ധനകാര്യം, പൊതുമരാമത്ത്, പട്ടികജാതി, വർഗ്ഗ, പിന്നാക്ക ക്ഷേമ മന്ത്രിമാർ, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരും പങ്കെടുക്കും.

*****************************************************************************************************************************

**വയനാട് - തിരച്ചിൽ**

വയനാട് - മുണ്ടക്കൈ ദുരന്തത്തെത്തുടർന്ന് കണാതായവർക്ക് വേണ്ടി ചാലിയാർ പുഴയിൽ നടത്തുന്ന തിരച്ചിൽ ഇരുപത്തിയാറ് ദിവസം പിന്നിട്ടു. കഴിഞ്ഞ പതിനൊന്ന് ദിവസത്തെ തിരച്ചിലിൽ മൃതദേഹങ്ങളോ ശരീര ഭാഗങ്ങളോ കണ്ടെത്താനായിട്ടില്ല. 159 പേരെയാണ് ഇനി കണ്ടെത്താനുള്ളത്.

************************************************************************************************

**കാസർകോട് - (ഇൻട്രോ)**

സംസ്ഥാന മന്ത്രിസഭയുടെ മൂന്നാം വാർഷികത്തിൻറെ ഭാഗമായുള്ള 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി കാസർഗോഡ് മുനിസിപ്പൽ ടൗൺഹാളിൽ അടുത്ത മാസം മൂന്നിന് തദ്ദേശ അദാലത്ത് നടക്കും. വകുപ്പ് മന്ത്രി എം ബി രാജേഷ് നേതൃത്വം നൽകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് പ്രതിനിധി പി ജഗന്നിവാസൻ..**

**(വോയിസ്..........)**

************************************************************************************************

**മന്ത്രി സജി ചെറിയാൻ**

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മുഖ്യമന്ത്രി എല്ലാം വിശദീകരിച്ചിട്ടുണ്ടെന്ന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ. നിയമപരമായ കാര്യങ്ങളെക്കുറിച്ച് നിയമ മന്ത്രിയും വിശദീകരിച്ചിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ ഒന്നും പറയാനില്ലെന്നും അദ്ദേഹം പറഞ്ഞു. ചെങ്ങന്നൂരിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

************************************************************************************************

**വി ഡി സതീശൻ**

ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടികൾ കൈക്കൊള്ളുന്നതിൽ സർക്കാരിന് ഇരട്ടത്താപ്പെന്ന് പ്രതിപക്ഷ നേതാവ് വി ഡി

RNU TVPM

സതീശൻ. വേട്ടക്കാരെ സംരക്ഷിക്കുകയും ഇരകളെ അപമാനിക്കുകയും ചെയ്യുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇടയ്ക്കിടെ അഭിപ്രായം മാറ്റിപ്പറയുന്ന സാംസ്കാരിക മന്ത്രി സജി ചെറിയാൻ രാജി വയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.സർക്കാർ പ്രഖ്യാപിച്ച അന്വേഷണ സംഘത്തിൽ പുരുഷന്മാരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയതെന്തിനാണെന്നും അദ്ദേഹം ചോദിച്ചു.

**************************************************************************************************

**സാഫ് യു-20**

നേപ്പാളിൽ നടക്കുന്ന SAFF U-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് പുരുഷ സെമി ഫൈനലിൽ, ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. കാഠ്മണ്ഡുവിലെ A.N.F.A കോംപ്ലക്സിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:45 നാണ് മത്സരം.

**************************************************************************************************

**യു.എസ് ഓപ്പൺ**

യു.എസ് ഓപ്പൺ ടെന്നീസിന് ഇന്ന് തുടക്കം.
25-ാം ഗ്രാൻഡ്-സ് ലാം
എന്ന റെക്കോഡ് ലക്ഷ്യമിട്ടിറങ്ങുന്ന നൊവാക് ജോക്കോവിച്ചാണ് പ്രധാന ശ്രദ്ധാകേന്ദ്രം.
തുടരെ രണ്ടാം യു.എസ് ഓപ്പൺ ആണ് ജോക്കോവിച്ച് ലക്ഷ്യമിടുന്നത്. യുവതാരങ്ങളായ യാനിക് സിന്നറും, കാർലോസ് അൽക്കരാസും ജോക്കോവിച്ചിന് കടുത്ത വെല്ലുവിളി ഉയർത്തും.

**************************************************************************************************
**************************************************************************************************
***************

RNU TVPM